# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6630

09-07-2014-ൽ മറുപടിക്ക്.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. സാജു പോൾ<br>ശ്രീ. ആർ.രാജേഷ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിന്റെ ഭാഗമായാണ് തകർച്ച നേരിടുന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കാത്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പൊതുമേഖലാ സ്ഥാപനമായ എഫ്.എസി.ടി. യുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ മുൻകേന്ദ്രസർക്കാരിന്റെ സമീപനം സ്ഥാപനത്തിന്റെ താല്പര്യത്തിന് അനുഗുണമായിരുന്നുവോ; നിലപാട് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ഫാക്ടിന്റെ സംരക്ഷണത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ ബദ്ധശ്രദ്ധമാണ്. ഫാക്ടിന്റെ പ്രവർത്തനത്തിനായി വാങ്ങുന്ന എൽ.എൻ.ജി.യ്ക്ക് വാറ്റ് ഒഴിവാക്കണമെന്ന ആവശ്യം സംസ്ഥാന മന്ത്രിസഭായോഗം ചർച്ച ചെയ്യുകയും ഫാക്ടിനു കേന്ദ്രസർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതിയ്ക്ക് വിധേയമായി ടി കമ്പനിക്ക് ഉചിതമായ നികുതിയിളവ് അനുവദിക്കുവാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഫാക്ടിനു വേണ്ടിയുള്ള പ്രത്യേക സാമ്പത്തിക പാക്കേജ് ബി.ആർ.പി.എസ്.ഇ. അംഗീകരിച്ച് മുൻ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഇതിൻ പ്രകാരം 550 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുക, 442 കോടി രൂപയുടെ ലോൺ, നികുതി തുടങ്ങിയവ ഉൾപ്പെടുന്ന കമ്പനിയുടെ ബാദ്ധ്യതകളുടെ എഴുതി തള്ളൽ, നികുതി ഇളവ് മുതലായവ ഉൾപ്പെടുന്നു. പ്രസ്തുത സാമ്പത്തിക പാക്കേജിന് അടിയന്തിര പ്രാധാന്യം നൽകി, |

കേന്ദ്ര സർക്കാരിന്റെ അംഗീകാരം അഭ്യർത്ഥിച്ചുകൊണ്ട്, ബഹു. മുഖ്യമന്ത്രി, 30/05/2014 ൽ ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ കമ്പനി വാങ്ങിയിട്ടുള്ള അധിക ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കുന്നതിനായി രണ്ടു വർഷത്തെ മൊറട്ടോറിയത്തിന് ശേഷം 10 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കാവുന്ന 300 കോടി രൂപയുടെ പലിശ രഹിത വായ്പ അനുവദിക്കുക, കമ്പനിയുടെ സപ്ലയർമാർക്കും, ഗ്രാറ്റുവിറ്റി ഇനത്തിൽ എൽ.ഐ.സി.ക്കും കൊടുത്തുതീർക്കുവാനുള്ള തുക നൽകുന്നതിനായി 250 കോടി രൂപ ഗ്രാന്റായി ലഭിക്കുന്നതിനുള്ള അനുമതിയും നൽകുക എന്നീ ആവശ്യങ്ങൾ ഊന്നിപറഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ